I.ഇ.ബി. XIIകേരള നിയമസഭ/XII-5

**പന്ത്രണ്ടാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2009 സെപ്റ്റംബർ 15,ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

വടക്കേക്കര പോലീസ് സ്റ്റേഷൻ ആക്രമണം

മി. സ്പീക്കർ: 14-09-2009-ന് എറണാകുളം ജില്ലയിലെ പറവൂർ വടക്കേക്കര പോലീസ് സ്റ്റേഷനിൽ ഡി.വൈ.എഫ്.ഐ. നേതാവ് അതിക്രമിച്ചുകയറി ഡ്യൂട്ടിയിലുണ്ടായിരുന്ന എസ്.ഐ.യെ ആക്രമിച്ചതിനെത്തുടർന്നുണ്ടായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി.ഡി. സതീശൻ, കെ.കുട്ടി അഹമ്മദ് കുട്ടി, ജോസഫ് എം. പുതുശ്ശേരി, പി.സി.ജോർജ്, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും

വകുപ്പുമന്ത്രി <u>(ശ്രീ. എം. വിജയകുമാർ):</u> സംസ്ഥാനത്ത് തുടർച്ചയായി പോലീസ് സ്റ്റേഷൻ ആക്രമിക്കപ്പെടുന്നുവെന്ന് പറയുന്നത് വസ്തുതാ വിരുദ്ധമാണ്. വെടിമറ സ്വദേശി ഷാജഹാനും സംഘവും മോട്ടോർ ബൈക്ക് തട്ടിക്കൊണ്ടുപോയതായി 12-9-2009-ന് വടക്കേക്കര പോലീസ് സ്റ്റേഷനിൽ പാലാത്തുരുത്ത് നിവാസിയായ മുഹമ്മദ് സനു പരാതിപ്പെട്ടതിനെത്തുടർന്ന് ഇരുകക്ഷികളേയും 14-9-2009-ന് എസ്. ഐ. സ്റ്റേഷനിൽ വിളിപ്പിച്ചിരുന്നു. അന്നേ ദിവസം രാവിലെ 11 മണിയോടെ ഡി.വൈ.എഫ്.ഐ.ചേന്ദമംഗലം വില്ലേജ് സെക്രട്ടറി ഫസൽ റഹ്മാനും പരാതിക്കാരനായ മുഹമ്മദ് സനുവിനോടൊപ്പം പോലീസ് സ്റ്റേഷനിലെത്തുകയുണ്ടായി. അര മണിക്കൂറോളം കാത്തിരുന്നിട്ടും എതിർകക്ഷികൾ എത്താത്തതിനെത്തുടർന്ന് പരാതി മന:പൂർവ്വം വച്ചു താമസിപ്പിക്കുന്നുവെന്ന ആരോപണവുമായി ഫസൽ റഹ്മാൻ എസ്.ഐ.യുടെ മുറിയിൽ കയറുകയും രണ്ടുപേരുടെയും വാക്ക് തർക്കത്തെത്തുടർന്നുണ്ടായ ഉന്തുംതള്ളലിനുമിടയിൽ എസ്.ഐ. യുടെ വിരലിന് പൊട്ടലുണ്ടാകുകയും ചെയ്തു. സ്റ്റേഷനിൽ കയറി എസ്.ഐ.യെ ആക്രമിച്ച് കൃത്യവിലോപം നടത്തിയതിന് ഫസൽ റഹ്മാനെ അറസ്റ്റ് ചെയ്ത് കേസ്സെടുക്കുകയും 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സഭാനടപടികൾ നിറുത്തിവച്ച് പ്രസ്തുത വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി.ഡി. സതീശൻ:</u> മുഹമ്മദ് സനുവിന്റെ വീട്ടുകാർ ഷാജഹാനെ ചിട്ടിയിൽ ചേർത്തിരുന്നു. അവരുടെ റിലയൻസ് എന്ന ചിട്ടിസ്ഥാപനം പൊട്ടിയതോടെ ചിട്ടിപ്പണം കിട്ടാതായതിനുപകരമായിട്ടാണ് മോട്ടോർ ബൈക്ക് ഷാജഹാനും സംഘവും തട്ടിക്കൊണ്ടുപോയത്. മുഹമ്മദ് സനുവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ഇരു കക്ഷികളോടും പോലീസ്

സ്റ്റേഷനിൽ ഹാജരാകാൻ എസ്.ഐ. ആവശ്യപ്പെട്ടിരുന്നു. മുഹമ്മദ് സനുവിനോടൊപ്പം സ്റ്റേഷനിൽ എത്തിയ ഫസൽ റഹ്മാൻ അരമണിക്കൂറോളം കാത്തിരുന്നിട്ടും എതിർകക്ഷികൾ വരാത്തതിനെത്തുടർന്ന് പരാതി മന:പൂർവ്വം വച്ചു താമസിപ്പിക്കുന്നുവെന്ന ആരോപണവുമായി എസ്.ഐ.യുടെ മുറിയിൽ കയറുകയും അസഭ്യം പറയുകയും മുഖത്ത് അടിക്കുകയും ചെയ്തു. പട്ടികജാതിക്കാരുടെ വീടാക്രമിച്ച കേസിലും ഫസൽ റഹ്മാനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. പോലീസ് സ്റ്റേഷൻ ആക്രമണം കേരളത്തിൽ നിത്യസംഭവമായി മാറിക്കൊണ്ടിരിക്കുകയാണ്. ക്രമസമാധാനനില അങ്ങേയറ്റം വഷളായിരിക്കുന്ന സന്ദർഭത്തിൽ ക്രമസമാധാനപാലനത്തിനുള്ള എറ്റവും നല്ല സംസ്ഥാനത്തിനുള്ള അവാർഡ് ലഭിക്കുന്ന കേരളത്തിന് അപമാനകരമായ ഈ വിഷയം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഈ സംഭവം ഗവൺമെന്റ് വളരെ ഗൗരവമായി കാണുകയാണ്. പറവൂർ പോലീസ് സ്റ്റേഷനിലെ സംഭവുമായി ബന്ധപ്പെട്ട് എസ്.ഐ.ക്ക് പരിക്കു പറ്റി എന്നത് വാസ്തവമാണെങ്കിലും ബഹുമാനപ്പെട്ട അംഗം പറഞ്ഞ പല കാര്യങ്ങളും വസ്തുതാവിരുദ്ധമാണ്. ഈ സംഭവത്തിന്റെ പേരിൽ ഒരു പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ക്രമസമാധാന പാലന രംഗത്ത് ഏറ്റവും നല്ല സംസ്ഥാനം എന്ന അംഗീകാരം നേടിയ കേരളത്തെ വിലകുറച്ച് കാണിക്കുന്നത് ശരിയല്ല. ഇത്തരം സംഭവങ്ങൾ ആരുടെ ഭാഗത്തു നിന്നുണ്ടായാലും മുഖം നോക്കാതെ കുറ്റക്കാർക്കെതിരെ കർശന

നടപടി സ്വീകരിക്കും. പ്രസ്തുത സംഭവത്തിൽ ജാമ്യമില്ലാത്ത വകുപ്പുകൾ ചേർത്ത് ഡി.വൈ.എഫ്.ഐ. ചേന്ദമംഗലം വില്ലേജ് സെക്രട്ടറിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തിരിക്കുകയാണ്. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ജി. കാർത്തികേയൻ, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭ യിൽ നിന്നും പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലമുണ്ടാകുന്ന യാത്രക്ളേശങ്ങളും അപകടങ്ങളും</u>

<u>ശ്രീ. വർക്കല കഹാർ</u> : വേൾഡ് ബാങ്കിൽ നിന്നും എ.ഡി.ബി-യിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമൊക്കെ കോടിക്കണക്കിന് രൂപ വായ്പയെടുത്ത് നിർമ്മിക്കപ്പെടുന്ന റോഡുകൾ ബന്ധപ്പെട്ട വകുപ്പുകളുടെ അനുവാദം വാങ്ങാതെയും യാതൊരു മുന്നറിയിപ്പുമില്ലാതെയും വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ, സ്വകാര്യ കേബിൾ കമ്പനി, വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കായി നിരന്തരം വെട്ടിപ്പൊളിക്കുകയും ആവശ്യം കഴിഞ്ഞശേഷം റോഡുകൾ റീ-ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കാത്തതുകൊണ്ട് റോഡപകടങ്ങൾ നിത്യസംഭവങ്ങളായിരിക്കുന്നു. അനാവശ്യമായി റോഡുകൾ വെട്ടിപ്പൊളിക്കുന്നത്

തടയാനും റോഡുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാനും നടപടികൾ കൈക്കൊള്ളണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കേരള വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ., സ്വകാര്യ കേബിൾ കമ്പനികൾ എന്നിവ നിരന്തരമായി റോഡുകൾ വെട്ടിപ്പൊളിക്കുന്നതുമൂലമുണ്ടാകുന്ന സഞ്ചാര തടസ്സവും അപകടങ്ങളും കഴിയുന്നത്ര ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്. വിവിധ ആവശ്യങ്ങൾക്കായി റോഡുകൾ വെട്ടിപ്പൊളിക്കുന്ന ഏജൻസികൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ച് ഇറക്കിയിട്ടുള്ള ധാരണാപത്രത്തിൽ റോഡുകൾ കുഴിക്കുന്നതിന് രണ്ട് മാസം മുമ്പ് മരാമത്ത് വകുപ്പിന്റെ അനുമതി വാങ്ങിക്കണമെന്നും കുഴിക്കുന്ന റോഡുകൾ 15 ദിവസത്തിനകം പൂർവസ്ഥിതിയിലാക്കണമെന്നും കുഴിക്കുന്ന റോഡിന്റേയും ചെയ്യാൻ ഉദ്ദേശിക്കുന്ന പണികളുടേയും വിശദവിവരങ്ങൾ തീയതി സഹിതം മരാമത്ത് വകുപ്പ് എഞ്ചനീയർക്ക് സമർപ്പിക്കണമെന്നും റോഡുകൾ പുനരുദ്ധരിക്കുമ്പോൾ അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷാ സംവിധാനം സ്വീകരിക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. ധാരണാപത്രത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ഏജൻസികൾക്കെതിരെ പിഴ ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(2) അടയ്ക്ക കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി

ശ്രീ. സി.എച്ച്. കുഞ്ഞമ്പു: അടിക്കടി ഉണ്ടാകുന്ന വിലത്തകർച്ചയും ഉത്തരേന്ത്യൻ വിപണിയിലൂടെയുള്ള ഇറക്കുമതിയുംമൂലം കേരളത്തിലെ അടയ്ക്ക കർഷകർ പ്രതിസന്ധിയിലായിരിക്കുകയാണ്. ഒരു കിലോഗ്രാം അടയ്ക്കയ്ക്ക് 85 രൂപ ഉല്പാദനച്ചെലവ് വരുമ്പോൾ വിപണയിൽ ലഭിക്കുന്നത് വെറും 60 രൂപ മാത്രമാണ്. ആസിയാൻ കരാർ നടപ്പിലാകുന്ന

തോടുകൂടി കേരളത്തിലെ അടയ്ക്കാ കർഷകരുടെ സ്ഥിതി കൂടുതൽ രൂക്ഷമാകും. അടയ്ക്കയുടെ മിനിമം സപ്പോർട്ട് പ്രൈസ് 150 രൂപയെങ്കിലുമാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. വാർഷിക മെയിന്റനൻസിന് പലിശരഹിത വായ്പ കൊടുക്കുകയും. കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും ബോഡോമിശ്രിതം ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കുകയും അടയ്ക്കാ സംഭരണത്തിന് നടപടി സ്വീകരിക്കുകയും ഒരു കിലോഗ്രാം അടയ്ക്കയ്ക്ക് 25 രൂപയെങ്കിലും ഉല്പാദന ബോണസ് ലഭ്യമാക്കുകയും ചെയ്തുകൊണ്ട് അടയ്ക്ക കർഷകരെ വിലത്തകർച്ചയിൽനിന്ന് സംരക്ഷിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രധാനമായും 2009 മേയ് മാസംമുതലാണ് അടയ്ക്കയ്ക്ക് വിലത്തകർച്ച ഉണ്ടായികൊണ്ടിരിക്കുന്നത്. ഇപ്പോൾ അടയ്ക്കയുടെ ശരാശരി വില ക്വിന്റലിന് 6123 രൂപയായി കുറഞ്ഞിട്ടുണ്ട്. ആസിയാൻ കരാറിന്റെ ഭാഗമായി വീണ്ടും വില കുറയാനിടയുണ്ട്. വിലത്തകർച്ചമൂലം അടയ്ക്ക കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് കഴിയുന്നത്ര നടപടികൾ കൈക്കൊള്ളുന്നതാണ്. അടയ്ക്കയുടെ വില ഒരു പരിധിവരെ പിടിച്ചുനിറുത്തുന്നതിന് സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഇടപെടുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. അടയ്ക്ക കൃഷിയോടൊപ്പം മറ്റ് കൃഷികൂടി നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽനിന്ന് സഹായം നേടിയെടുക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) <u>തുടർ സാക്ഷരതാ പരിപാടി</u>

<u>ശ്രീ. പി. ജയരാജൻ</u>: കേന്ദ്ര ഗവൺമെന്റ് സാക്ഷർ ഭാരത് പദ്ധതിയിൽനിന്ന് കേരളത്തെ ഒഴിവാക്കിയതുവഴി പതിനൊന്നാം പദ്ധതിയിൽ അനൗപചാരിക വിദ്യാഭ്യാസത്തിന് സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ട് നഷ്ടപ്പെടുകയും സംസ്ഥാനത്തെ തുടർ സാക്ഷരതാ പ്രവർത്തനം പ്രതിസന്ധിയിലാകുകയുമാണ്. സാക്ഷർ ഭാരത് സ്കീമിൽ കേരളത്തെ ഉൾപ്പെടുത്തി ഫണ്ട് നേടിയെടുക്കാൻ സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം. സാക്ഷരതാ പ്രേരക്മാരുടെ അലവൻസ് വർദ്ധിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി</u>): 1988-ൽ ആരംഭിച്ച സാക്ഷരതാ പരിപാടി പുനരാവിഷ്ക്കരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപടികൾ കൈക്കൊണ്ടുവരികയാണ്. ദേശീയ ശരാശരിയേക്കാൾ കുറഞ്ഞ സാക്ഷരതാ നിരക്കുള്ള ജില്ലകളെ മാത്രമേ കേന്ദ്ര ഗവൺമെന്റ് സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തുകയുള്ളൂവെങ്കിൽ സംസ്ഥാനത്തെ ഒരു ജില്ലയും ഈ പദ്ധതിയിൽ വരികയില്ല. സാക്ഷരതാ തുടർ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കി സമർപ്പിച്ച വിശദമായ പദ്ധതിയിന്മേൽ കേന്ദ്ര ഗവൺമെന്റിൽനിന്നും അനുകൂലമായ യാതൊരു പ്രതികരണവും ലഭിച്ചിട്ടില്ല. തുടർ സാക്ഷരതാ പരിപാടി തുടർന്നുകൊണ്ടുപോകുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് ആവശ്യമായ സഹായം നേടിയെടുക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും കൂട്ടായ ശ്രമം ഉണ്ടാകുന്നതാണ്. കേന്ദ്ര സഹായം ലഭിക്കാത്തപക്ഷം ഇത് മുന്നോട്ടുകൊണ്ടുപോകുന്നതിന്

സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(2) <u>ടിപ്പർ ലോറികളുടെ അമിതവേഗത</u>

<u>ശ്രീ. പി.സി. ജോർജ്</u>: സംസ്ഥാനത്ത് ടിപ്പർ ലോറികളാണ് കൂടുതൽ അപകടങ്ങളുണ്ടാക്കുന്നത്. വാഹനാപകടങ്ങൾ ഒഴിവാക്കാൻ സ്പീഡ് ഗവർണർ നിർബന്ധമാക്കുകയും ലൈസൻസ് പരിശോധന കർശനമാക്കുകയും പഞ്ചിംഗ് സിസ്റ്റം ഏർപ്പെടുത്തുകയും മദ്യപിച്ചും ട്രാഫിക് നിയമം ലംഘിച്ചും വാഹനങ്ങൾ ഓടിക്കുന്നവരുടെ ലൈസൻസ് റദ്ദാക്കുകയും ചെയ്യണം. അതിനായി ബന്ധപ്പെട്ട നിയമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> സംസ്ഥാനത്ത് ടിപ്പർ ലോറികൾ മുഖേനയുണ്ടാകുന്ന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് ആവശ്യമായ പ്രത്യേക മാർഗനിർദ്ദേശങ്ങൾ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർമാരുമായി ആലോചിച്ച് രാവിലെ 8 മുതൽ 10 വരെയും വൈകുന്നേരം 3 മുതൽ 5 മണി വരെയും ടിപ്പർ ലോറികൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ഒന്നിൽക്കൂടുതൽ അപകടങ്ങൾക്ക് കാരണക്കാരായ ടിപ്പർ ലോറി ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ടിപ്പർ ലോറികളിൽ പണിയെടുക്കുന്നവർ ക്രിമിനൽ കേസുകളിൽപ്പെട്ടവരാണോയെന്ന് പരിശോധിച്ച് നടപടി സ്വീകരിക്കാനും വേഗത പരിധി ലംഘിച്ചും അശ്രദ്ധയോടെയും ടിപ്പർ ലോറി ഓടിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും സ്പീഡ് ഗവർണർ പ്രവർത്തിപ്പിക്കാത്തതും ഘടിപ്പിക്കാത്തതുമായ ടിപ്പർ ലോറികളുടെ

പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും ഇന്റെൻസീവ് ഡ്രൈവ് നടത്തി റിപ്പോർട്ട് സമർപ്പിക്കാനും ജില്ലാ പോലീസ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടാങ്കർ ലോറികളുടെ കാര്യത്തിൽ പ്രശ്ന സാധ്യതയുള്ള മേഖലകളിൽ പ്രത്യേകം ശ്രദ്ധിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(3) ബ്രഹ്മപുരം ജംഗ്ഷൻ മുതൽ ബ്രഹ്മപുരം പാലം വരെയുള്ള റോഡ്

ശ്രീ. എം.എം. മോനായി: ബ്രഹ്മപുരം ജംഗ്ഷൻ മുതൽ ബ്രഹ്മപുരം പാലം വരെയുള്ള പി.ഡബ്ല്യു.ഡി. റോഡ് എം.ഡി.ആർ. ആയി ഏറ്റെടുത്ത് അടിയന്തിരമായി റിപ്പയർ ചെയ്യുന്നതിനും കൊച്ചി - മധുര ദേശീയ പാത വഴി കാക്കനാടെത്തുന്നതിന് ഏതെങ്കിലും പദ്ധതിയിൽപ്പെടുത്തി ഈ റോഡ് വികസിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): ബ്രഹ്മപുരം പാലത്തിന്റെ അപ്രോച് റോഡ് കരിമുഗൾ റോഡുമായി ബന്ധിപ്പിക്കുന്നതാണ്. നിലവിലുള്ള റോഡ് സ്മാർട്ട് സിറ്റിക്ക് വിട്ടു കൊടുക്കാൻ തീരുമാനമെടുക്കുന്നതാണ്. അതിനുദ്ദേശിക്കുന്ന സ്ഥലത്തിനരികിലുള്ള പഞ്ചായത്ത് റോഡിന്റെ പുനർനിർമ്മാണത്തിനായി രണ്ട് കോടി രൂപയുടെ ഒരു പ്രോജക്ട് റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഈ ജോലി സ്മാർട്ട് സിറ്റി തന്നെ ചെയ്തു തരുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുടർനടപടികൾ സ്മാർട്ട് സിറ്റിയുടെ ഭാഗത്തുനിന്നുണ്ടാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(4) സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സ്ത്രീകളുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ പ്രത്യേക ഇളവ് അനുവ

ദിക്കുന്നതിനും സ്റ്റാമ്പ് ഡ്യൂട്ടി ഏകീകരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): സമ്പത്ത്, അധികാരം, പദവി എന്നിവയിൽ സ്ത്രീകളുടെ നില താഴ്ന്ന ചില സംസ്ഥാനങ്ങളിൽ സ്ത്രീകളുടെ പേരിൽ ഭൂമി വാങ്ങുന്നതിനാണ് ഇളവ് നൽകിയിട്ടുള്ളത്. കേരളത്തിൽ ഈ പ്രശ്നത്തിൽ നയപരമായ ചർച്ച അനിവാര്യമാണ്. സ്റ്റാമ്പ് ഡ്യൂട്ടി ഏകീകൃത സ്വഭാവത്തോടുകൂടി കുറച്ചു കൊണ്ടുവരിക എന്ന ആവശ്യം ന്യായമായതിനാൽ അത് ശാസ്ത്രീയമായ ഫെയർ വാല്യൂ സിസ്റ്റത്തിന്റെ ഭാഗമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(5) ഹജ്ജ് തീർത്ഥാടകർക്കുള്ള എച്ച് 1 എൻ 1 പ്രതിരോധ നടപടികൾ

ശ്രീ. പി. ടി. എ. റഹീം: ഹജ്ജ് തീർത്ഥാടകർക്ക് നിർദ്ദേശിച്ചിരിക്കുന്ന എച്ച് 1 എൻ 1 പ്രതിരോധകുത്തിവയ്പ്പിനുള്ള വാക്സിൻ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഈ വർഷം ഹജ്ജ് തീർത്ഥാടകർക്ക് കേന്ദ്ര ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും നൽകിയ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രതിരോധ നടപടികൾ സ്വീകരിക്കുകയാണ്. കോഴിക്കോടുള്ള എമ്പാർക്കേഷൻ കേന്ദ്രത്തിൽവച്ച് എച്ച് 1 എൻ 1 രോഗലക്ഷണമുണ്ടോ എന്ന പരിശോധനയും സ്ക്രീനിംഗും നടത്തിയശേഷം നിശ്ചിത ഫോറത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. സർട്ടിഫിക്കറ്റ് വാങ്ങാൻ കഴിയാത്തവർക്ക് വിമാനത്താവള

ത്തിൽ സൗകര്യമേർപ്പെടുത്തും. തീർത്ഥാടകരുടെ മെഡിക്കൽ പരിശോധന യ്ക്കുള്ള മറ്റ് കാര്യങ്ങൾ ഹജ്ജ് കമ്മിറ്റിയുമായി ആലോചിച്ച് ചെയ്യുന്നതാണ്.

(6) കർഷക കടാശ്വാസ കമ്മീഷന് ലഭിക്കുന്ന അപേക്ഷകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ : കർഷക കടാശ്വാസ കമ്മീഷനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിലെ കാലതാമസവും ജപ്തി നടപടികളും ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): കമ്മീഷൻ കക്ഷികളെ വിളിച്ചുവരുത്തി കേസ്സുകൾ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുകയാണ് ചെയ്യുന്നത്. നടപടിക്രമങ്ങളിലുണ്ടാകുന്ന കാലതാമസം കൊണ്ടാണ് അപേക്ഷകൾ കെട്ടിക്കിടക്കുന്നത്. കമ്മീഷന്റെ അഭിപ്രായംകൂടി മാനിച്ചുകൊണ്ടാണ് അപേക്ഷകൾ സ്വീകരിക്കുന്ന തീയതി 31-10-2008 എന്ന് നിജപ്പെടുത്തിയത്. അപേക്ഷകൾ നൽകാൻ കൂടുതൽ സമയം അനുവദിക്കണമെന്ന ആവശ്യം പരിഗണിച്ച് 31-04-2009 വരെ തീയതി ദീർഘിപ്പിച്ചു. തീയതി ദീർഘിപ്പിച്ചതനുസരിച്ച് പുതിയ അപേക്ഷകൾ നൽകിയിട്ടുണ്ട്. ഇനിയും തീയതി ദീർഘിപ്പിക്കുന്നത് പ്രയോഗികമാണോ എന്ന് പരിശോധിക്കുന്നതാണ്. കമ്മീഷൻ ഇതിനകം 698 സിറ്റിംഗ് നടത്തി 62125 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. അപേക്ഷകൾ ധൃതഗതിയിൽ തീർപ്പ് കൽപ്പിക്കുന്നതിന് കമ്പ്യൂട്ടർവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ചുവരുന്നു. ആർ.ആർ. നോട്ടീസും കമ്മീഷനുമായി യാതൊരു ബന്ധവുമില്ല.

(7) സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ

ശ്രീ. കെ. ശിവദാസൻ നായർ: സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷനിൽ മാറ്റം വരുത്തിക്കൊണ്ട് ഗവൺമെന്റ് പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കേരള കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഫ്രണ്ട് നാളെ സംസ്ഥാനതലത്തിൽ ധർണ്ണ നടത്തുന്നതാണ്. ഇവരുടെ ആവശ്യങ്ങൾ അംഗീകരിക്കുകയും അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി എന്ന നിലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റലായി കുറച്ച് തുക കൂടി വയ്ക്കുകയും ചെയ്യണം. നെഗോഷ്യബിൾ ഇൻസ്ട്രമെന്റ്സ് ആക്ട് പ്രകാരമുള്ള ചെക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾ ഉപയോഗിക്കരുത് എന്നുള്ള നിർദ്ദേശം പരിശോധിക്കണം. സഹകരണ മേഖലയിലെ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളാരംഭിക്കുകയും കഴിഞ്ഞ പ്രാവശ്യത്തെ ശമ്പള പരിഷ്ക്കരണം ഇംപ്ലിമെന്റ് ചെയ്യാത്ത സഹകരണ സംഘങ്ങളിൽ അത് ഇംപ്ലിമെന്റ് ചെയ്യുകയും ചെയ്യണം.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 1998-ലെ ക്ലാസിഫിക്കേഷനുശേഷം സഹകരണ സംഘങ്ങളുടെ നിക്ഷേപം നാലിരട്ടിയായി വർദ്ധിച്ചതുകൊണ്ടും സഹകരണ സംഘങ്ങൾ ആവശ്യപ്പെട്ടതുകൊണ്ടും ആവശ്യമായ സ്റ്റഡി നടത്തിയതിനുശേഷമാണ് കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. സംഘങ്ങളുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്ന എന്തെങ്കിലുമുണ്ടെങ്കിൽ ചർച്ച ചെയ്യുന്നതിന് ബുദ്ധിമുട്ടില്ല. സഹകരണ മേഖലയിലെ ജീവനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ജീവനക്കാരുടെ ഭാഗത്തുനിന്ന് ഉന്നയി

ക്കപ്പെട്ടിട്ടുള്ള മറ്റ് കാര്യങ്ങളെല്ലാം ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്യാൻ തയ്യാറാണ്.

(8) കായംകുളം ടൂറിസം സർക്യൂട്ട്

ശ്രീ. സി.കെ. സദാശിവൻ: കായംകുളം കായലുമായി ബന്ധപ്പെട്ട് ആലപ്പുഴ ഡി.ടി.പി.സി. തയ്യാറാക്കിയ കായംകുളം ടൂറിസം സർക്യൂട്ടിന് അംഗീകാരം നൽകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കായംകുളം ടൂറിസം സർക്യൂട്ട് പദ്ധതിക്കുവേണ്ടി ആലപ്പുഴ ഡി.ടി.പി.സി. സമർപ്പിച്ച പദ്ധതിക്കായി ടൂറിസം വകുപ്പ് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പദ്ധതിയിലെ ഒരു ഘടകമായ കൊല്ലം ക്ലാപ്പനയിലെ റൂറൽ ടൂറിസം വികസനത്തിനുമാത്രം കേന്ദ്ര ടൂറിസം മന്ത്രാലയം അനുമതി നൽകുകയും അതിനുവേണ്ടി നാൽപ്പത്തിയൊൻപത് ലക്ഷത്തി അറുപതിനായിരം രൂപ അനുവദിക്കുകയും അത് കൊല്ലം ജില്ലാ കളക്ടർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ കായംകുളം ഉൾപ്പെടെയുള്ള പ്രദേശങ്ങളെ ചേർത്തുകൊണ്ട് ഒരു മെഗാ ടൂറിസം പദ്ധതിക്കുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ടൂറിസം ഡയറക്ടർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്. ഇതുവരെ നടത്തിയിട്ടുള്ള പുരോഗതി പരിശോധിച്ചുകൊണ്ട് ഈ പ്രോജക്ട് അംഗീകരിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) കേരള സ്റ്റേറ്റിന്റെ വ്യാജ ബോർഡ് വച്ച കാറുകൾ

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സംസ്ഥാനത്ത് ഇരുനൂറിലധികം കാറുകൾ കേരള സ്റ്റേറ്റിന്റെ വ്യാജ ബോർഡ് വച്ച് ഓടുന്നതായി കേന്ദ്ര

ഇന്റലിജൻസ് റിപ്പോർട്ട് മാധ്യമങ്ങളിൽ വന്നിരിക്കുന്ന സാഹചര്യത്തിൽ കർശനമായ പരിശോധന നടത്തി ഇത്തരം വാഹനങ്ങൾ കണ്ടെത്തണം. തീവ്രവാദ അട്ടിമറികൾക്കും കള്ളക്കടത്തിനും ഇത്തരം വാഹനങ്ങൾ ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുണ്ട്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സംസ്ഥാനത്ത് കേരള സ്റ്റേറ്റ് എന്ന വ്യാജ ബോർഡ് വച്ച് വാഹനങ്ങൾ ഓടുന്നതായോ അത്തരം വാഹനങ്ങൾ ഉപയോഗിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നതായോ ഉള്ള ഇന്റലിജൻസ് റിപ്പോർട്ട് ലഭിച്ചിട്ടില്ല. ഇന്റലിജൻസ് റിപ്പോർട്ട് എന്ന പേരിൽ പലതരം റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ വരുന്നതായും രേഖകളില്ലാത്ത ഏത് കാര്യത്തിനും ഇന്റലിജൻസ് റിപ്പോർട്ടാണ് അടിസ്ഥാനമെന്ന ധാരണ ബോധപൂർവ്വം ചിലർ പരത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്രവാർത്തയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം ഗൗരവമായി പരിശോധിച്ച് കർശനമായി തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

(10) ജീവൻരക്ഷാ മരുന്നുകൾ

ശ്രീ. കെ. ബാബു: ജീവൻരക്ഷാ മരുന്നുകൾ ന്യായ വിലയ്ക്ക് ലഭ്യമാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനുമായി പ്രൈസ് കൺട്രോൾ അതോറിറ്റി രൂപീകരിക്കണം. ക്യാൻസറുൾപ്പെടെയുള്ള രോഗ ങ്ങൾക്കുള്ള മരുന്ന് മെഡിക്കൽ സർവീസ് കോർപ്പറേഷൻ ഡയറക്ടായി വാങ്ങി സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെയും നീതി സ്റ്റോറിലൂടെയും വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുകയും ഇതിന്റെ ലഭ്യത

ഉറപ്പുവരുത്തുകയും മരുന്നിന്റെ വിലവിവരപ്പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടികളുണ്ടാകുകയും ചെയ്യണം.

(മറുപടി മാറ്റിവച്ചു)

(11) തുരുത്തിപ്പാലം നിർമ്മാണം

ശ്രീ. എം.കെ. പ്രേംനാഥ്: വടകരയിലെ ഏറാമലയെയും നാദാപുരത്തെ എടച്ചേരിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന തുരുത്തിപ്പാലം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): വടകര-മാഹി കനാലിന്റെ കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന ഏറാമല തുരുത്തിപ്പാലത്തിന്റെ പ്രവൃത്തിക്ക് എ.എസ് കിട്ടുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

(12) മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിൽപ്പെട്ട ബ്രാഞ്ച് കനാലുകളുടെ പണി

ശ്രീ. എം.ജെ. ജേക്കബ്: മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി ഉപ്പുകണ്ടം ഡിസ്ട്രിബ്യൂട്ടറി കനാലും അമ്പലംകുന്ന്-ദേവമാതാകുന്ന് ഡിസ്ട്രിബ്യൂട്ടറിയും സമയബന്ധിതമായി പൂർത്തിയാക്കാമെന്ന ധാരണയിൽ ഓർഡർ ഇറങ്ങിയെങ്കിലും ലാന്റ് അക്വിസിഷൻ അടക്കമുള്ള കാര്യങ്ങൾ വൈകിയതിനാൽ പ്രാവർത്തികമായില്ല. ഇത് അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മുവാറ്റുപുഴ ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി അമ്പലംകുന്ന് ദേവമാതാ കുന്ന് ഡിസ്ട്രിബ്യൂട്ടറി കനാലുകളുടെ വീതി 90 സെ.മീറ്ററിൽനിന്ന് 60 സെ.മീറ്ററായും സി.ഡി. വർക്കുകൾ 32 എണ്ണം എന്നത് 20 ആയും ലൈനിംഗ്

വർക്കുകൾ 1500 മീറ്ററായും കുറച്ചുകൊണ്ടുള്ള ചെലവ് കുറഞ്ഞ പുതിയ ഡിസൈനാണ് ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ളത്. ഡിസ്ട്രിബ്യൂട്ടറിക്ക് ആവശ്യമായ സ്ഥലം 3.198 ഹെക്ടറായി ചുരുക്കി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതിക്ക് 8.9.2009-നും ഐ.ഡി.ആർ.ബി അംഗീകരിച്ച ഡിസൈൻ പ്രകാരം ഉപ്പുകണ്ടം മൈനർ ഡിസ്ട്രിബ്യൂട്ടറിക്കുവേണ്ടി 3.1 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിക്ക് 14.9.2009-നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലം ഏറ്റടുത്തുകഴിഞ്ഞാലുടൻ രണ്ട് ഡിസ്ട്രിബ്യൂട്ടറികളുടേയും നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(13) <u>എടപ്പാൾ-കുറ്റിപ്പുറം റോഡിന്റെ ശോച്യാവസ്ഥ</u>

<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി</u>: എടപ്പാൾ-കുറ്റിപ്പുറം റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. പി.ജെ. ജോസഫ്</u>): എടപ്പാൾ-കുറ്റിപ്പുറം റോഡിന്റെ പാലക്കാട്-ഷൊർണ്ണൂർ 45.3 കി.മീറ്റർ അപ്ഗ്രഡേഷൻ പണികൾ കെ.എസ്.ടി.പി. 4 (എ) ആയും തൃശൂർ-കുറ്റിപ്പുറം 33 കി.മീറ്റർ പണികൾ കെ.എസ്.ടി.പി. 4 (ബി) ആയും ടെന്റർ വിളിച്ചിട്ടുണ്ട്. ചൂണ്ടൽ മുതൽ പറന്നാവൂർ വരെയുള്ള 22.38 കി.മീ റോഡ് കെ.എസ്.ടി.പി. 4 (ബി) (1) ആയും പറന്നാവൂർ മുതൽ കുറ്റിപ്പുറം വരെയുള്ള റോഡ് കെ.എസ്.ടി.പി. 4 (ബി) (2) ആയും വിഭജിച്ചു. കെ.എസ്.ടി.പി. 4 (ബി) (2) 11.8.2009-ൽ എഗ്രിമെന്റ് വച്ച് പണി തുടങ്ങുകയും കെ.എസ്.ടി.പി. 4 (ബി) (1) 22.8.2009-ൽ ടെന്റർ വിളിച്ച് വിശദമായ പരിശോധന നടത്തിവരികയും

ചെയ്യുന്നു. രണ്ട് വർക്കുകളും ഉടനെ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(14) തൃശൂർ കോൾ വികസന പദ്ധതി

ശ്രീ. മുരളി പെരുനെല്ലി: തൃശൂർ കോൾ വികസന പദ്ധതിക്ക് അടിയന്തിര ഭരണാനുമതി നൽകുന്നതിനും പണി ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): 29.6.2009-ൽ കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന തൃശൂർ കോൾനില വികസന ഏജൻസിയുടെ പ്രത്യേക യോഗത്തിൽ സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതിന് പ്രോജക്ട് സമർപ്പിക്കാൻ കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷനോട് നിർദ്ദേശിച്ചതനുസരിച്ച് 8.4. കോടി രൂപയുടെ പ്രോജക്ട് സമർപ്പിച്ചിച്ചു. നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കോൾനില വികസനത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽനിന്നും 2 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

**റിപ്പോർട്ട് സമർപ്പണം**

2009-ലെ പമ്പാ നദീതടം അതോറിറ്റി ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

**നിയമനിർമ്മാണകാര്യം**

2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. എം. ദിനേശ്മണി: 2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2009 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ഭേദഗതി കാലഘട്ടത്തിന്റെ ഒരു ആവശ്യമാണ്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം ആരംഭിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ പശ്ചാത്തലത്തിൽ ഇത്തരമൊരു ബിൽ കൊണ്ടുവന്നത് നല്ല കാര്യമാണ്. മയക്കുമരുന്ന്, കറൻസികൾ, ആയുധങ്ങൾ, ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ തുടങ്ങിയ നിരോധിത വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് വീഡിയോ കോൺഫറൻസിംഗ് വളരെ ഉപകരിക്കും. ജുഡീഷ്യറിയെ സംബന്ധിച്ച് ഇത് സമയലാഭവും

ഉണ്ടാക്കും. ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും നീതിന്യായ വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്താനും ഉപകരിക്കുന്ന ഒരു ഭേദഗതി ബില്ലാണിത്. പോലീസ് കണ്ടെത്തുന്നത് യഥാർത്ഥ പ്രതികളെ അല്ലെങ്കിൽ യഥാർത്ഥ പ്രതികളെ കണ്ടെത്താൻ ഒട്ടേറെ മാർഗ്ഗങ്ങളുണ്ട്. അത് മനസ്സിലാക്കാതെ നിയമ വ്യവസ്ഥകളെ തകർക്കുന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല. പ്രോസിക്യൂട്ട് ചെയ്യപ്പെടുന്ന ആളാണോ യഥാർത്ഥ പ്രതി എന്ന് തീരുമാനിക്കേണ്ടത് കോടതിയാണ്. കുറ്റവിചാരണ ഫലപ്രദമായി നടത്താനും യഥാർത്ഥ കുറ്റവാളികളെ ശിക്ഷിക്കാനും വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി സാധിക്കും.

<u>ശ്രീ. എം. മുരളി:</u> 2008-ലെ ക്രിമിനൽ നടപടി നിയമ സംഹിത (കേരള ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ജയിലുകളിലും കോടതികളിലും പ്രതികളെ നേരിട്ടുകൊണ്ടുവരാതെ വീഡിയോ കോൺഫറൻസിംഗിലൂടെ ഹാജരാക്കാനുള്ള അധികാരം നൽകുന്ന സി.ആർ.പി.സി.യിലെ ഈ ഭേദഗതി കേരളത്തെ പോലുള്ള ഒരു സംസ്ഥാനത്ത് വലിയ അപകടകങ്ങൾ ഉണ്ടാക്കും. സംസ്ഥാനത്തെ ജയിലുകളിലും കോടതികളിലും വിഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും അത് മെയിന്റയിൻ ചെയ്യുന്നതിനും കോടിക്കണക്കിന് രൂപ ചെലവ് വരുമെന്നുമാത്രമല്ല ഇവിടത്തെ ജയിലുകളും മറ്റും അതിന് പര്യാപ്തവുമല്ല. ജയിലുകളിൽ കഴിയുന്നവരുടെ മൗലികാവകാശത്തിന്റെ നഗ്നമായ ലംഘനത്തിന് മാത്രമേ ഈ ഭേദഗതി ഉപകരിക്കൂ. വീഡിയോ കോൺഫറൻസിംഗ് നിയമപരമാക്കാൻ വേണ്ടിയുള്ള രണ്ട് അമെന്റ്മെന്റുകളാണ് കൊണ്ടുവന്നിരിക്കുന്നത്. തടവുകാരുടെയും വിചാരണ തടവുകാരുടെയും ശാരീരിക സാന്നിദ്ധ്യം ഒഴിവാ

ക്കാനും നിരോധിക്കപ്പെട്ട വസ്തുക്കളായ മയക്കുമരുന്നുകൾ, വ്യാജ കറൻസി, ആയുധങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ എന്നിവയുമായും സാമൂഹ്യവിരുദ്ധ ഘടകങ്ങളുമായുള്ള അവരുടെ സാമീപ്യവും ഒഴിവാക്കാനും വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഉപകരിക്കും എന്നാണ് പറയുന്നത്. പ്രതികൾക്ക് നിന്നുതിരിയാൻ സ്ഥലമില്ലാത്ത മജിസ്ട്രേട്ട് കോടതികളിൽ ഈ സംവിധാനം ഏർപ്പെടുത്തിയാൽ പോലീസും ജയിൽ അധികൃതരും ദുരുപയോഗപ്പെടുത്തും. നീതിന്യായ വ്യവസ്ഥയെ കളങ്കപ്പെടുത്താൻ മാത്രമേ സി.ആർ.പി.സി.യിലെ ഈ അമെന്റ്മെന്റ് ഉപകരിക്കുകയുള്ളൂ. കസ്റ്റഡിയിൽവച്ച് കുറ്റവാളികൾക്ക് മർദ്ദനമുണ്ടായാൽ അവർക്കത് ന്യായാധിപനോട് തുറന്നുപറയാനുള്ള സാഹചര്യം നിഷേധിക്കപ്പെടും. കസ്റ്റഡിയിലെടുത്ത പ്രതികളെ 24 മണിക്കൂറിനുള്ളിൽ മജിസ്ട്രേറ്റിന് മുമ്പിൽ ഹാജരാക്കണമെന്നുള്ള വ്യവസ്ഥപോലും ഇന്ന് പാലിക്കപ്പെടുന്നില്ല. ജയിൽ സേനയിലേയും പോലീസ് സേനയിലേയും പുതിയ തലമുറയുടെ പെർഫോർമൻസ് ഡിപ്പാർട്ടുമെന്റ് തലത്തിൽ വിലയിരുത്താൻ ഇന്നുള്ള സംവിധാനം അപര്യാപ്തമാണ്. അതുകൂടി കണക്കിലെടുത്തായിരിക്കണം വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പാക്കേണ്ടത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): ജയിൽ പരിഷ്ക്കരണത്തിന്റെ ഭാഗമായിട്ടാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ക്രിമിനൽ മിസ്സലേനിയസ് പെറ്റീഷനുമേൽ ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് 2005-ൽ ആഭ്യന്തര വകുപ്പ് ജയിലിൽ വീഡിയോ കോൺഫറൻസിംഗ് നടപ്പാക്കുന്നതു സംബന്ധിച്ച് ഉത്തരവിറക്കിയത്. കേസുകളുടെ ത്വരിതഗതിയിലുള്ള തീർപ്പാക്കലിനും ജയിലിൽ നിന്ന് കോടതിയിലേയ്ക്ക് വിചാരണ

യ്ക്കായി കൊണ്ടുപോകുന്ന അവസരത്തിൽ തടവുകാർ രക്ഷപ്പെട്ട് പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിനുമായി ജയിലിൽ വീഡിയോ കോൺഫറൻസിംഗ് സമ്പ്രദായം നടപ്പാക്കുന്ന കാര്യം പരിഗണിക്കണമെന്നാണ് അന്ന് കോടതി പറഞ്ഞത്. തിരുവനന്തപുരത്തെ ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിരുന്നു. ഇൻഡ്യയിലെ 7 സംസ്ഥാനങ്ങളിൽ ഈ സംവിധാനം നിലവിലുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതിയോടു കൂടിയാണ് കേരളത്തിൽ ഈ നടപടികളുമായി മുന്നോട്ടുപോകുന്നത്. ഇത് ഭരണഘടനയുടെ മൗലികാവകാശത്തിന്റെ ലംഘനമാകുന്നില്ല. മജിസ്ട്രേറ്റിന്റെ മുമ്പിൽ ആദ്യത്തെ തവണ ഹാജരാക്കിയിട്ടാണ് പ്രതിയെ റിമാൻഡ് ചെയ്യുന്നത്. പിന്നെ ഓരോ 15 ദിവസം കൂടുമ്പോഴും പ്രതിയെ ഹാജരാക്കുന്ന പ്രക്രിയ ഒഴിവാക്കിയെടുക്കുന്നതിനുവേണ്ടി മാത്രമാണ് ഈ ഭേദഗതി ഉദ്ദേശിക്കുന്നത്. തടവുകാരുടെ പരാതികൾ വീഡിയോ കോൺഫറൻസിംഗിലൂടെ മജിസ്ട്രേറ്റിനോട് പറയാനും ഇതുവഴി ജയിലിൽ എന്താണ് നടക്കുന്നതെന്ന് മജിസ്ട്രേറ്റിന് വ്യക്തമായി മനസ്സിലാക്കാനും സാധിക്കും. കൂടാതെ തടവുകാർക്ക് പരാതികൾ മജിസ്ട്രേറ്റിനെ എഴുതി അറിയിക്കാവുന്നതുമാണ്. നിലവിലുള്ള രീതിയനുസരിച്ച് തടവുകാരെ ജഡ്ജിയുടെ മുമ്പാകെ ഹാജരാക്കുന്നതിനും തിരികെ തടങ്കലിൽ എത്തിക്കുന്നതിനും ധാരാളം പോലീസുകാരെ വിന്യസിക്കേണ്ടി വരുന്നുണ്ട്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിലാക്കിയാൽ ഇത്തരം പോലീസുകാരെ മറ്റു ഡ്യൂട്ടികൾക്കായി നിയോഗിക്കാനും ചെലവ് കുറയ്ക്കാനും സാധിക്കും. വീഡിയോ കോൺഫറൻസിംഗിന്റെ ഒരു യൂണിറ്റ്

സ്ഥാപിക്കാൻ ഏകദേശം 5.5 ലക്ഷം രൂപ വേണ്ടി വരും. ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. തടവുകാരും പോലീസുകാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമായി അനധികൃതമായി പല സാധനങ്ങളും ജയിലിൽ എത്തുന്നുണ്ട്. ഇത് അവസാനിപ്പിക്കുന്നതിനായി ജയിലിൽ കുറേ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതുണ്ട്. അഴിമതി നടത്തുന്ന ജയിൽ ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കും. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2008-ലെ ക്രിമിനൽ നടപടി നിയമസംഹിത (കേരള ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (1) 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ

കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

**ക്രമപ്രശ്നം**

ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണം.

ശ്രീ. കെ.എം. മാണി: പ്രിൻസിപ്പൽ ആക്ടിലെ ഷെഡ്യൂൾ റീ-നമ്പർ ചെയ്യണമെന്നുപറഞ്ഞ് ഈ ബില്ലിന്റെ ക്ലാസ് 6-ൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി പൂർണ്ണമായും തെറ്റാണ്. 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ടിൽ ഷെഡ്യൂൾ ഇല്ലാത്തതിനാൽ അത് റീ-നമ്പർ ചെയ്യാൻ കഴിയില്ല. 1995-ലെ ഭേദഗതി നിയമത്തിലാണ് ക്ലാസ് 6 ആയി ഷെഡ്യൂൾ പ്രിസ്ക്രൈബ് ചെയ്തുകൊണ്ട് ഒരു പുതിയ വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളത്. പുതിയ വ്യവസ്ഥകൾ ഒരിക്കലും പ്രിൻസിപ്പൽ ആക്ടിന്റെ ഭേദഗതിയല്ല. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കായി തിരിച്ചയയ്ക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 1974-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ആക്ട് പ്രകാരം കശുവണ്ടി ഫാക്ടറികൾ വിലയ്ക്കെടുക്കുമ്പോൾ കൊടുക്കാവുന്ന തുക നിശ്ചയിക്കുന്നതിനുള്ള തത്വങ്ങൾ സംബന്ധിച്ച് പട്ടിക നിലനിർത്തിയിട്ടുണ്ട്. ആ നിലയിൽ 2009-ൽ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി നിയമപ്രകാരം പ്രധാന ആക്ടിലെ പട്ടിക ഒന്നാം പട്ടികയാക്കാനും പുതുതായി ഏറ്റെടുക്കാനുദ്ദേശിച്ചിരുന്ന 20 ഫാക്ടറികൾ രണ്ടാം

പട്ടികയാക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതുകൊണ്ട് ബിൽ പാസ്സാക്കുന്നതിൽ നിയമപരമായി യാതൊരു തടസ്സവുമില്ല.

മി. സ്പീക്കർ: ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന ബില്ലിൽ മൂല നിയമത്തിലെ പട്ടിക ചേർക്കേണ്ട സ്ഥാനത്ത് 1995-ലെ ഭേദഗതി നിയമത്തിലെ പട്ടികയാണ് ചേർത്തിരിക്കുന്നത്. ഇപ്രകാരം സംഭവിക്കാതിരിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. ബി. രാഘവൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ കശുവണ്ടി തൊഴിലാളികളെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനായുള്ള ഭേദഗതി നിയമമാണിത്. കേരളത്തിന്റെ മാത്രം കുത്തകയായിരുന്ന, ധാരാളം വിദേശനാണ്യം നേടിത്തരുന്ന ഈ പരമ്പരാഗത വ്യവസായം ആസിയൻ കരാറുമായി ബന്ധപ്പെട്ട് ഇപ്പോൾ ഇറക്കുമതി ഭീഷണി നേരിടുകയാണ്. ഈ രംഗത്ത് നിലനിന്നിരുന്ന പ്രാകൃതമായ കൂലിവ്യവസ്ഥ മാറ്റിയെടുക്കുന്നതിനും മിനിമം കൂലി നടപ്പാക്കുന്നതിനും മുതലാളിത്തത്തിന്റെ അനിയന്ത്രിത ചൂഷണത്തിനെതിരെയും നിരവധി പ്രക്ഷോഭങ്ങളുടെയും സമരങ്ങളുടെയും ഫലമായി 36 ഫാക്ടറികളുൾക്കൊള്ളുന്ന കേരള കാഷ്യൂ കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനം രൂപം കൊണ്ടുവെങ്കിലും ഫലപ്രദമായ നിയമനിർമ്മാണത്തിന്റെ അഭാവത്തിലും കോടതിവിധികളുടെ അടിസ്ഥാനത്തിലും 2002-ൽ നാല് ഫാക്ടറികൾ സ്വകാര്യ ഉടമകൾക്ക് വിട്ടുകൊടുക്കേണ്ടിവന്നു. കോടതിവിധിയെത്തുടർന്ന് തുറന്നു പ്രവർത്തിക്കാൻ തയ്യാറാകാത്ത നെടുവത്തൂർ, എഴുകോൺ ഫാകടറിക

ളുടെ മാനേജുമെന്റിനെതിരെ ഇപ്പോഴും സമരം നടക്കുകയാണ്. കശുവണ്ടി വ്യവസായ മേഖലയിൽ സ്വകാര്യ മുതലാളിമാരുടെ ചൂഷണത്തിന് അന്ത്യം കുറിക്കുന്നതിനും തൊഴിലാളികളുടെ അധികാര അവകാശങ്ങൾ നേടിയെടുക്കുന്നതിനും അവരുടെ കാര്യക്ഷമതയും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമാണ് ഇത്തരത്തിലൊരു ഭേദഗതി നിയമം കൊണ്ടുവന്നിട്ടുള്ളത്. ഈ നിയമത്തിലെ 6-ാം വകുപ്പിലെ രണ്ടാം പട്ടികയിൽ 6-ാം ഇനമായി പത്തനംതിട്ട ജില്ലയിലെ ഫാക്ടറി എന്നുകാണിച്ചിരിക്കുന്നത് ശരിയല്ല, കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലാണ് അത് വരുന്നത്. കൊല്ലം ആസ്ഥാനമായി ഒരു കാഷ്യൂ ബോർഡ് വേണമെന്ന കേരളത്തിന്റെ ആവശ്യം കേന്ദ്രഗവണ്മെന്റ് ഇതുവരെ അംഗീകരിച്ചിട്ടില്ല. കശുവണ്ടിത്തൊഴിലാളികളുടെ ജീവിതത്തിന്റെ ഒരു ഭാഗമായി ഈ ബിൽ മാറുമെന്ന കാര്യത്തിൽ സംശയമില്ല. കശുവണ്ടി ഫാക്ടറികൾ അന്യം നിന്നുപോകുന്ന അവസ്ഥയ്ക്ക് മാറ്റം വരണം. നെടുവത്തൂരിലേയും എഴുകോണിലേയും ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. അന്യവൽക്കരിച്ചുകൊണ്ടിരിക്കുന്ന കശുവണ്ടിഫാക്ടറികളെ സംരക്ഷിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുളളത്.

<u>ശ്രീ. വി.ഡി. സതീശൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കശുവണ്ടി വ്യവസായ രംഗത്തെ ചൂഷണം അവസാനിപ്പിക്കാൻ വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുന്നു. കശുവണ്ടി വ്യവസായം മറ്റു

സംസ്ഥാനങ്ങളിലേയ്ക്ക് പോയതിന്റെ കാരണങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. കശുവണ്ടി ഫാക്ടറികൾ അന്യമാകാതിരിക്കാനും തൊഴിലാളി ചൂഷണം അവസാനിപ്പിക്കാനും ഫാക്ടറികളിൽ സമാധാന അന്തരീക്ഷം നിലനിർത്താനും സാധിച്ചാൽ തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാൻ സാധിക്കും.കശുവണ്ടിയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനും കൊല്ലം ആസ്ഥാനമായി കാഷ്യു ബോർഡ് സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം. നഷ്ടപ്പെട്ട ഫാക്ടറികൾ തിരിച്ചുകൊണ്ടുവരണം. കശുവണ്ടി കോർപ്പറേഷനും കാപ്പക്സിനും കുറെക്കൂടി പ്രാധാന്യം നൽകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ)</u> : 1950 മുതൽ കശുവണ്ടി വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് വളരെയധികം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 1970-ലാണ് കേരള സ്റ്റേറ്റ് കാഷ്യു ഡെവലപ്മെന്റ് കോർപ്പറേഷൻ ഫാക്ടറികൾ ഏറ്റെടുത്തുതുടങ്ങിയത്. ഫാക്ടറികൾ ഏറ്റെടുത്ത് തുടങ്ങിയപ്പോൾ തൊഴിലാളികളെ ചൂഷണം ചെയ്യാൻ സ്വകാര്യ മുതലാളിമാർ ശ്രമിച്ചിരുന്നു. 1974-ലെ അക്വിസിഷൻ ആക്ട് നിലവിൽ വന്നെങ്കിലും കാഷ്യു കോർപ്പറേഷന്റെ 10 ഫാക്ടറികൾ നെഗോഷിയേറ്റ് ചെയ്തെടുക്കുകയാണ് ചെയ്തത്. മുതലാളിമാർ കാഷ്യു കോർപ്പറേഷന്റെ ഫാക്ടറികൾ തിരിച്ചുകൊടുക്കണമെന്നാവശ്യപ്പെട്ട ഘട്ടത്തിലാണ് 1979-ൽ കേരളാ ഫാക്ടറീസ് റിക്വിസിഷണിംഗ് ആക്ട് കൊണ്ടുവന്നത്. 1974-ലെ അക്വിസിഷൻ ആക്ട് 1985-ലും 1995-ലും ഭേദഗതി ചെയ്തു. 36 ഫാക്ടറികൾ കാഷ്യു കോർപ്പറേഷന്റെ അധീനതയിൽ കൊണ്ടുവരുന്നതിനും ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൂലിയും മറ്റ്

ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. കൊല്ലത്ത് കാഷ്യു ബോർഡ് രൂപീകരിക്കുന്നതിനുവേണ്ടി ഭരണ - പ്രതിപക്ഷ വ്യത്യാസമില്ലാതെ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്ക് എടുത്തു.

3-ാം വകുപ്പ്

108, 109, 110 എന്നീ നമ്പർ ഭേഗതികൾ അവതരിപ്പിച്ചു.

4-ാം വകുപ്പ്

117, 119, 120 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

5-ാം വകുപ്പ്

125-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

(125) In Section 5(4) of the principle Act proposed to be inserted by clause 5 ,

1. add the words “In the case of the” at the beginning ;
2. for “will be the inventory”, substitute “shall be the inventory“

ബഹുമാപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

6-ാം വകുപ്പ്

126-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

SCHEDULE II- section 3-B- യിൽ serial No 1- ലും 4-ലും "Kadari" എന്നുള്ളത് "kadri" എന്നാക്കണം. serial No 20- ൽ വെട്ടിക്കവല എന്നുള്ളത് മുകൾ ഭാഗത്ത് വരത്തക്കവണ്ണം റീ-ഡ്രാഫ്റ്റ് ചെയ്യണം.

126-ാം നമ്പർ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചു.

(126) In column (3) against Sl.No (6) in the Schedule 11 proposed to be added in the principal Act by clause 6, for the words "Pathanamthitta Dist, substitute the words "Kollam Dist."

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : 2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ) : പ്രമേയത്തെ പിൻതാങ്ങുന്നു.

2009-ലെ കേരള കശുവണ്ടി ഫാക്ടറികൾ (വിലയ്ക്കെടുക്കൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## (2) 2009-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ശശികുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കള്ളു വ്യവസായ തൊഴിലാളികൾക്ക് ജോലിക്കിടെ പരിക്കുപറ്റുകയും മരണപ്പെടുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ നഷ്ടപരിഹാരം നൽകുന്നതിന് കള്ള് ചെത്തുന്ന ഓരോ തെങ്ങിനും ഓരോ അർദ്ധവർഷത്തിലും പത്ത് രൂപ വീതവും ഓരോ പനയ്ക്കും ഓരോ വർഷത്തിലും ഇരുപത് രൂപ വീതവും തൊഴിലുടമയിൽനിന്ന് ഈടാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഭേദഗതി ബില്ലാണിത്. കേരളത്തിനു പുറത്തുനിന്ന് കൊണ്ടുവരുന്ന കള്ളിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടിയുണ്ടാകണം. ഈ മേഖലയിൽ അനധികൃത മദ്യം കടന്നുവരുന്നത് തടയുന്നതിന് എക്സൈസ് വകുപ്പിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ ഉണ്ടാകണം.

ശ്രീ. ടി.എൻ. പ്രതാപൻ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2009-ലെ കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി)

ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണെമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കള്ളു വ്യവസായ തൊഴിലാളികൾക്ക് ജോലിക്കിടെ ഉണ്ടാകുന്ന പരിക്കുകൾക്കോ പരിക്കുകൾമൂലം മരണം സംഭവിക്കുകയോ ചെയ്താൽ നഷ്ടപരിഹാരം നൽകുന്നതിന് ഉദ്ദേശിച്ച് കൊണ്ടുവന്നിട്ടുള്ള ഭേദഗതി ബില്ലാണിത്. ഏറ്റവുമധികം മദ്യം വിറ്റഴിക്കുന്ന സംസ്ഥാനമായി കേരളം ഇന്ന് മാറിയിരിക്കുകയാണ്. സംസ്ഥാനത്തെ കള്ളുഷാപ്പുകൾവഴി വിറ്റഴിക്കുന്ന വ്യാജക്കള്ള് നിയന്ത്രിക്കാനുള്ള നടപടിയുണ്ടാകണം. മദ്യഷാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും മദ്യ നിർമ്മാർജ്ജനം ഘട്ടംഘട്ടമായി പ്രാവർത്തികമാക്കുന്നതിനും ജനങ്ങളെ മദ്യാസക്തിയിൽനിന്ന് മോചിപ്പിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കണം. ക്ഷേമനിധി ബോർഡിന്റെ പണം ഉപയോഗപ്പെടുത്തി പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളോ വ്യവസായ സ്ഥാപനങ്ങളോ ആരംഭിച്ച് ചെത്ത് തൊഴിലാളികളുടെ മക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. 18 വയസ്സിന് താഴെയുള്ളവർക്ക് മദ്യം കൊടുക്കുന്ന മദ്യഷാപ്പുകൾ അടച്ചുപൂട്ടുകയോ കൊടുക്കുന്നവരുടെ പേരിൽ നടപടിയെടുക്കുകയോ ചെയ്യണം. 21 വയസ്സിനു താഴെയുള്ളവരെ മദ്യഷാപ്പിൽ ജോലിക്ക് നിർത്താതിരിക്കാനും ആഴ്ചയിൽ ഒരു ദിവസം മദ്യഷാപ്പ് അടച്ചിടാനും തീരുമാനിക്കണം. ബാറുകളുടെ പ്രവർത്തനം 12 മണിക്കൂറായി നിജപ്പെടുത്തണം. വിശേഷദിവസങ്ങളിലും അതിന്റെ മുൻദിവസങ്ങളിലും മദ്യഷാപ്പുകൾ അടച്ചിടണം. ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽനിന്നും ഒരു നിശ്ചിത ശതമാനം തുക

മദ്യാസക്തിക്കെതിരായ കാമ്പെയിൻ നടത്തുന്നതിനുവേണ്ടി നീക്കിവയ്ക്കണം.

. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): അംശദായം എട്ട് ശതമാനം എന്നുള്ളത് 10 ശതമാനം ആക്കുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. തെങ്ങിനും പനയ്ക്കും ഒരു നിശ്ചിത ഫീസ് നിശ്ചയിച്ച് തൊഴിലാളികൾക്ക് അപകടം സംഭവിച്ചാൽ നഷ്ടപരിഹാരം കൊടുക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ തൊഴിലാളി സംഘടനാ നേതാക്കന്മാർ അടങ്ങുന്ന സംയുക്ത സമര സമിതിയുടെ അഭ്യർത്ഥനയനുസരിച്ച് 1610 ഷാപ്പുകൾ പുനസ്ഥാപിച്ചുവെങ്കിലും ദൂരപരിധിക്ക് വിധേയമല്ലാത്ത ഷാപ്പുകൾ തുറക്കാൻ അനുവദിച്ചിട്ടില്ല. 5200 ഷാപ്പുകൾ ഇപ്പോൾ പ്രവർത്തിക്കുന്നു. കള്ള് ഷാപ്പുകളിൽ വ്യാജമദ്യ വിൽപ്പന തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 1996 മാർച്ച് മാസത്തിൽ തൊഴിലാളി പെൻഷൻ കൊടുക്കാൻ നിയമത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. മദ്യാസക്തിക്കെതിരായി ശക്തമായ ബോധവൽക്കരണം നടത്തുന്നതിന് എല്ലാവരുടേയും സഹകരണമുണ്ടാകണം ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെടുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2009-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി)) ബിൽ പരിഗണനയ്ക്കെ ടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

101, 102 എന്നീ നമ്പർ ഭേദഗതികൾ  അവതരിപ്പിച്ചു.

<u>3-ാം വകുപ്പ്</u>

111, 124 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>4-ാം വകുപ്പ്</u>

125 -ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. ഗുരുദാസൻ):</u> 2009-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി <u>(ശ്രീ. എളമരം കരീം):</u> പ്രമേയത്തെ പിന്താങ്ങുന്നു.

2009-ലെ കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം  സഭ  അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ  വൈകുന്നേരം 4.06-ന് പിരിഞ്ഞു.

...............................